(ഡി) അതിൽ വല്ല നിർദ്ദേശങ്ങളും ഗവമ്മെണ്ടിനു സ്വീകാര്യമായി തോന്നീട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) & (ഡി) ഉത്തരം ആവശ്യമില്ല.

DEPRESSED CLASSES USING PUBLIC ROADS—ASSAULT ON

281. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എല്ലാവർക്കും യഥേഷ്ടം സഞ്ചരിക്കാവുന്ന പഞ്ചായത്ത്, പബ്ലിക്കു് എന്നീ റോഡുകളിൽ നിന്നും ഇപ്പോഴും അധഃകൃതരെ മറ്റു സമുദായക്കാർ ആട്ടി ഓടിക്കുകയും ദേഹോപദ്രവങ്ങൾ ഏല്പിക്കുകയും ചെയ്യുന്നതായി ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടൊ;

(ബി) ഇപ്രകാരമുള്ള അനീതികൾ ഇനിയും തുടരാതിരിപ്പാൻ വെട്ടുവഴികളിൽ വെച്ചു് ആരേയും വഴിമാറരുതെന്നു ഒരു ഉത്തരവുപ്രസിദ്ധീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

BULLETIN BY IMPERIAL COUNCIL OF AGRICULTURAL RESEARCH—"MANURING OF PADDY"—TRANSLATION OF

282. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they are in receipt of the bulletin called "Manuring of paddy" published recently by the Imperial Council of Agricultural Research;

(*b*) if so, will they be pleased to translate in Malayalam and publish the same?

Dr. A. R. Menon *(Minister for Rural Development):*

(*a*) Yes.

(*b*) Arrangements have been made already to publish a leaflet incorporating the suggestions contained in the bulletin of the Imperial Council of Agricultural Research.

LIBRARY ARCHIVES Kerala Legislative Assembly